# 'ദൈവത്തെ അന്വേഷിപ്പിൻ'

### ഹോശേയ 10:12

**"നീതിയിൽ വിതെപ്പിൻ; ദയയെക്കൊത്തവണ്ണം കൊയ്യുവിൻ; നിങ്ങളുടെ തരിശുനിലം ഉഴുവിൻ; യഹോവ വന്നു നിങ്ങളുടെമേൽ നീതി വർഷിപ്പിക്കേണ്ടതിന്നു അവനെ അന്വേഷിപ്പാനുള്ള കാലം ആകുന്നുവല്ലോ."**

ദൈവം യിസ്രായേൽ മക്കളിൽ നിന്നും ആഗ്രഹിച്ചത്, അവർ തങ്ങളുടെ വ്യർത്ഥതകളിൽ നിന്നും, പാപപങ്കിലമായ ജീവിതത്തിൽ നിന്നും, അന്യദേവ ആരാധനയിൽ നിന്നും മനം തിരിഞ്ഞ് വാസ്തവത്തിൽ ദൈവത്തെ അന്വേഷിക്കുവാനും അവങ്കലേക്ക് തിരിയുവാനുമാണ്. അങ്ങനെ ചെയ്യുകയാണെങ്കിൽ മാത്രം അവൻ അവരെ അവന്റെ മക്കളായും ദൈവം താൻ അവർക്ക് പിതാവായും ഇരിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യുകയുള്ളൂ. അവന്റെ സ്വന്ത മക്കളായിട്ടു ജീവിക്കുവാനാണവൻ അവരെക്കുറിച്ച് ആഗ്രഹിച്ചത്.

1 പത്രോസ് 2:9 ൽ ഇപ്രകാരം പറയുന്നു "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു."

അദ്ധ്യായം 1 ൽ പത്രോസ് ദൈവമക്കളോട് ആഹ്വാനം ചെയ്യുന്നത് ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ ഒരു വിശുദ്ധ ജീവിതം നയിക്കുവാനായിട്ടാണ്. അത് എന്തിനു വേണ്ടിയാണെന്നുള്ളതാണ് മേൽ നാം വായിച്ചത്. യേശുവിനെ നമ്മുടെ കർത്താവും രക്ഷിതാവുമായി ഏറ്റെടുക്കുമ്പോൾ നാം ദൈവമക്കൾ എന്നുള്ള പദവിയിലേക്ക് ഉയർത്തപ്പെടുകയാണ്. ഇത് പണ്ട് യിസ്രായേലിനു മാത്രം അവകാശം പറയാൻ ഉള്ളതായിരുന്നു. എന്നാൽ അവരുടെ അവിശ്വാസവും, ദൈവസ്വരം കേട്ടനുസരിക്കുന്നതിലുള്ള നിരന്തരമായ വിമുകതയും, കർത്താവായ യേശുവിനെ തള്ളിപ്പറയുകയും ചെയ്യുക വഴി ദൈവം അവരുടെ മക്കളെന്നുള്ള പദവിക്ക് ഒരു താത്കാലിക വിരാമം ഇട്ടു, എന്നിട്ട് അതിനു പകരം മണവാട്ടി സഭയെ തിരഞ്ഞെടുത്തു. ഈ സഭയിലേക്ക് ചേർക്കപ്പെടുവാനായിട്ടാണ് നാം രക്ഷ ഏറ്റെടുത്ത് ദൈവത്തിനു പ്രസാദകരമായ വിശുദ്ധജീവിതം നയിക്കാൻ പത്രോസ് ആഹ്വാനം ചെയ്യുന്നത്.

റോമർ 8:17 ൽ പറയുന്നു "നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നേ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന്നു അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ."

ഈ അവകാശം നഷ്ടമാക്കാതെ കാത്തുകൊള്ളുവാനായിട്ടാണ് ഇന്നു പരിശുദ്ധാത്മാവിന്റെ ആഹ്വാനം നമുക്കു ലഭിക്കുന്നത്. ലോകം ചിലപ്പോൾ നമ്മെ തള്ളിയെന്നു വരാം, ലോകക്കാർ നമ്മെ സ്നേഹിച്ചില്ലെന്നു വരാം പക്ഷെ നിന്നെ ഒരുനാളും ഉപേക്ഷിക്കാത്ത ദൈവം നിന്നെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യും. അവരുടെ മുമ്പിൽ നിന്നെ മാനിക്കുകയും നിന്നെ നിത്യതയിലേക്ക് നടത്തുകയും ചെയ്യും.

പക്ഷെ നമുക്ക് ഇന്നു ചില ഉത്തരവാദിത്തങ്ങൾ ഉണ്ട്. നാം നീതിയിൽ വിതെപ്പാനും ദയക്കൊത്തവണ്ണം കൊയ്യുവാനും നമ്മെ തന്നെ ഒരുക്കണം. നമ്മുടെ തരിശു നിലങ്ങളെ ഉഴുതു വെയ്ക്കുന്നുവെങ്കിൽ അവൻ നമ്മെ അനവധിയായി അനുഗ്രഹിക്കുവാൻ മതിയായവനാണ്. ആയതിനാൽ അവനെ അന്വേഷിപ്പാനുള്ള സമയം വളരെ അതിക്രമിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവത്തെ വാസ്തവത്തിൽ ഒന്നു അന്വേഷിപ്പാനും അവനെ കണ്ടെത്താനും നമുക്ക് തയ്യാറാവാം. അതിനായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :

യെശയ്യാ 55:6

"യഹോവയെ കണ്ടെത്താകുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ."

ബ്രദർ ബിനു ബേബി ആലപ്പുഴ 049